കേരളം സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

പി.ജി.(എം.എസ്.സി.) നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2026

സ്പോട് വേക്കൻസി അലോട്ട്മെന്റിന് ശേഷം വിവിധ സർക്കാർ/സ്വാശ്രയ കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്കുള്ള പ്രവേശനം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

പി.ജി. (എം.എസ്.സി.) നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള സ്പോട് വേക്കൻസി അലോട്ട്മെന്റിന് ശേഷം വിവിധ സർക്കാർ/സ്വാശ്രയ കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്കുള്ള പ്രവേശനം താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതാതു കോളേജ് തലത്തിൽ നടത്തുന്നതാണ്. 27.10.2026 നു ശേഷം ഉള്ള ഒഴിവുകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. താല്പര്യമുള്ള അപേക്ഷകർ അതാതു കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

A. സീറ്റുകൾ നികത്തുന്നതിനു പ്രോസ്പെക്ടസ് പ്രകാരമുള്ള നിബന്ധനകൾ

1. A candidate who figures in the Rank list/Category lists prepared as per clause 11 of the Prospectus for Admission to PG Courses in Nursing 2026 is entitled to attend the institution wise vacant seat filling.

2. Candidates who have obtained admission in Kerala Government merit seats for a Nursing course in any of the Government Nursing Colleges through first, second or stray vacancy allotment shall not be eligible to participate in the institution wise vacant seat filling for the same Specialty in other Government Nursing Colleges. Likewise, candidates who have obtained admission in Government merit seats for a course in any of the Self Financing Nursing colleges shall not be eligible to participate in the institution wise vacant seat filling for the same subject in other Self Financing Nursing colleges. However a candidate who got admission in Government

merit seat of a Self Financing Nursing College shall be permitted to take admission in the same/other subject in a Government Nursing College through institution wise vacant seat filling.

B. കോളേജ് തലത്തിൽ പ്രവേശനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ, ഒഴിവുള്ള സീറ്റുകളിൽ പങ്കെടുക്കാൻ അർഹരായ അപേക്ഷകരുടെ ലിസ്റ്റ് തുടങ്ങിയവ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

2. കേരളത്തിലെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം അല്ലെങ്കിൽ stray vacancy അലോട്ട്മെന്റ് വഴി സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ അപേക്ഷകർക്ക്, അതേ സ്പെഷ്യാലിറ്റിയുള്ള മറ്റ് സർക്കാർ നഴ്സിംഗ് കോളേജുകളിലെ ഒഴിവുകളിലേക്കുള്ള പ്രവേശനത്തിനായി പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയില്ല. അതുപോലെ, സ്വകാര്യ നഴ്സിംഗ് കോളേജുകളിൽ സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ അപേക്ഷകർക്കും അതേ സ്പെഷ്യാലിറ്റിയുള്ള മറ്റ് സ്വകാര്യ നഴ്സിംഗ് കോളേജുകളിലെ ഒഴിവുകളിലേക്കുള്ള പ്രവേശനത്തിനായി പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നിരുന്നാലും, സ്വകാര്യ നഴ്സിംഗ് കോളേജിലെ സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ ഒരു അപേക്ഷകനും അതേ/മറ്റേതെങ്കിലും വിഷയത്തിൽ സർക്കാർ നഴ്സിംഗ് കോളേജിലെ ഒഴിവുകളിലേക്കു പ്രവേശനം നേടുന്നതിനായി പങ്കെടുക്കുന്നതിന് അനുമതി ഉണ്ടാകും.

3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾക്ക് ശേഷമുള്ള ഒഴിവുകളിലേയ്ക്ക് കോളേജ് തലത്തിൽ പ്രവേശന നടപടികൾ സ്വീകരിക്കുന്നതാണ്.

4. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും **നിലവിൽ പ്രവേശനം നേടിയിട്ടില്ലാത്ത** അപേക്ഷകർ ടി.സി. ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഒറിജിനൽ സഹിതം ബന്ധപ്പെട്ട കോളേജ് അതോറിറ്റിയുടെ മുമ്പാകെ **30.10.2026 രാവിലെ 10:00 മണി മുതൽ ഉച്ചയ്ക്ക് 1:00 മണിയ്ക്കകം** റിപ്പോർട്ട് ചെയ്യണം. നിലവിൽ പ്രവേശനം ഉള്ള അപേക്ഷകർ പ്രവേശനം ലഭിച്ച കോളേജുകളിൽ നിന്ന് ലഭ്യമായ അഡ്മിഷൻ സ്ലിപ്പും എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പിയും സഹിതം ബന്ധപ്പെട്ട കോളേജ് അതോറിറ്റിയുടെ മുമ്പാകെ ഹാജരായാൽ മതിയാകും.

5. സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശേഷം റിപ്പോർട്ടിംഗ് സമയം അവസാനിക്കുന്നതിന് മുൻപ് റിപ്പോർട്ട് ചെയ്ത എല്ലാ അപേക്ഷകരും ഫീസ് അതത് കോളേജുകളിൽ അടയ്ക്കണം.

6. റിപ്പോർട്ട് ചെയ്ത അർഹരായ അപേക്ഷകരുടെ റാങ്ക്, കാറ്റഗറിയുടെ അടിസ്ഥാനത്തിൽ കോളേജ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി **30.10.2026 വൈകുന്നേരം 4:00 മണിയ്ക്ക് മുൻപ്** അലോട്ട്മെന്റ് നടത്തുന്നതായിരിക്കും.

7. കാറ്റഗറി സീറ്റിൽ ഒഴിവുള്ള പക്ഷം ആ കാറ്റഗറിയിൽ ഉൾപ്പെടുന്ന അപേക്ഷകരുടെ അസാന്നിധ്യത്തിൽ ആ ഒഴിവുകൾ പ്രോസ്പെക്ടസ് നിബന്ധനകൾക്ക് അനുസരിച്ച് പരിവർത്തനം ചെയ്യുന്നതാണ്.

8. ഇങ്ങനെ പരിവർത്തനം ചെയ്തതിന് ശേഷവും ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ 30.10.2026 ന് റിപ്പോർട്ട് ചെയ്ത അപേക്ഷകരെ മുൻഗണനാ ക്രമത്തിൽ പരിഗണിക്കുന്നതും, വീണ്ടും ഒഴിവുകൾ ഉള്ളപക്ഷം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയ റാങ്ക്‌ലിസ്റ്റിൽ നിന്നുള്ള അപേക്ഷകരെ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതുമാണ്.

9. അലോട്ട്മെന്റ് നടപടികൾ 31.10.2026, 3:00 PM നു മുമ്പ് അവസാനിപ്പിക്കുന്നതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487

Digitally signed by Sameer Kishan
Date: 28-10-2026 16:29:54

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
28-10-2026